പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 908 — 08/03/2012 ൽ മറുപടിയ്ക്ക്

**ആർ. ഒ. ആർ. പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| ആർ. ഒ. ആർ. പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ReLIS എന്ന പേരിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ആർ. ഒ. ആർ. പദ്ധതി ജനങ്ങൾക്ക് പരമാവധി ഉപകാരപ്രദമായാണ് നടപ്പിലാക്കിയിട്ടുള്ളത്. പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കുംചേരി സബ് രജിസ്ട്രാർ ആഫീസിന് കീഴിലുള്ള റീസർവ്വേ കഴിഞ്ഞ 16 വില്ലേജ് ആഫീസുകളിൽ നാളിതുവരെയായി 2109 RoR കൾ കൊടുത്തു കഴിഞ്ഞു. പദ്ധതിയുടെ വിജയം കണക്കിലെടുത്ത് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ റീസർവ്വെ കഴിഞ്ഞ 205 വില്ലേജുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ജൂൺ 2012 -ഓടു കൂടി 580 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയിൽ ഭൂരേഖ (RoR) നിർബന്ധമാക്കിയതിലൂടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന മുഴുവൻ സിവിൽ കേസുകളും ഒഴിവാക്കുവാൻ കഴിയുന്നതാണ്.<br><br>പ്രസ്തുത പദ്ധതി സംബന്ധിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായതായുള്ള ഒരു പരാതിയും ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ